**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 192

13.02.2013ൽ
മറുപടിക്ക്

**എമർജിംഗ് കേരള**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. .ജി.സുധാകരൻ<br>ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരളയിൽ കേന്ദ്ര സർക്കാരിന്റേയോ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയോ എന്തെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നോ;<br><br>ബി) എങ്കിൽ അതിന്റെ വിശദാംശംങ്ങൾ ലഭ്യമാക്കുമോ; | (എ)&<br>(ബി) | ഉൾപ്പെടുത്തിയിരുന്നു. കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന National Industrial Manufacturing Zone,പെട്രോളിയം , കെമിക്കൽസ് ആൻഡ് പെട്രോകെമിക്കൽ റീജിയൻ, കൊച്ചിൻ റിഫൈനറിയുടെ വികസനം തുടങ്ങിയ പദ്ധതികൾ ഇതിൽപ്പെടുന്നു. |
| സി) ഉദ്ഘാടന പ്രസംഗത്തിൽ പ്രധാനമന്ത്രി കേന്ദ്ര സർക്കാരിന്റെ എത്ര കോടി രൂപയ്ക്കുള്ള ഏതെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു;<br><br>ഡി) എമർജിംഗ് കേരളയിൽ വന്ന കേന്ദ്ര പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ? | | (സി) &(ഡി) എമർജിംഗ് കേരളയുടെ ഉദ്ഘാടന പ്രസംഗത്തിൽ കേരളത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതായ പദ്ധതികളെക്കുറിച്ചുള്ള പരാമർശമാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നടത്തിയത്. ഏഴിമലയിലെ ഇന്ത്യൻ നേവൽ അക്കാഡമി, തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന ബ്രഹ്മോസ് ഏറോസ്പേസ്, പുതുവൈപ്പിനിലെ പ്രകൃതിവാതക റീഗ്യാസിഫിക്കേൻ ടെർമിനൽ, തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യുക്കേഷൻ &റിസർച്ച് (IISER), കാസർഗോഡുള്ള സെന്ററൽ യൂണിവേഴ്സിറ്റി മുതലായ സ്ഥാപനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പരാമർശിച്ചിരുന്നു.<br>കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. വല്ലാർപാടം പദ്ധതിക്ക് പ്രയോജനമാകും വിധം കബോട്ടാഷ് നിയമത്തിൽ ഭേദഗതി വരുത്തുമെന്ന തീരുമാനവും പ്രഖ്യാപിക്കുകയുണ്ടായി. അതിനനുസൃതമായി ഡിസംബർ 12 ന് കാബോട്ടാഷ് നിയമത്തിലെ നിയന്ത്രണങ്ങൾ ലഘൂകരിച്ച് ഷിപ്പിംഗ് മന്ത്രാലയം വിജ്ഞാപനം ഇറക്കുകയും ചെയ്തു. ഇതിനുപുറമെ സംസ്ഥാന സർക്കാർ ബി.പി.സി.എല്ലുമായി 18,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു ഉടമ്പടി ഒപ്പുവയ്ക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**